6.	പമ്പിംഗ് സബ്സിഡി	6 കോടി രൂപ
7.	നെല്ല് സംഭരണം	6 കോടി "
8.	ഇഞ്ചി	3 കോടി "
9.	കാപ്പി	6 കോടി "
	ആകെ	95 കോടി രൂപ

(സി) സ്പെഷ്യൽ പാക്കേജ് പദ്ധതിപ്രകാരം ഓരോ കൃഷിവികസന വിഭാഗത്തിനും ഇതുവരെ നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

1.	റബ്ബർ സംഭരണം	1.22 കോടി രൂപ
2.	അടയ്ക്കാസംഭരണം	8.00 "
3.	കുരുമുളക്	4.10 "
4.	നെൽകൃഷിക്കാർക്ക് ഉല്പാദനബോണസ്	8.00 "
5.	നെൽകൃഷിക്ക് പമ്പിംഗ് സബ്സിഡി	6.00 "
6.	നെല്ല് സംഭരണം	6.00
7.	കാപ്പികർഷകർക്കുള്ള പ്രത്യേക സഹായം	5.63 "
	ആകെ	38.95 കോടി രൂപ

(ഡി) എത്രയുംവേഗം നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക മേഖലയിലെ പ്രതിസന്ധിമൂലം ആത്മഹത്യ ചെയ്ത കർഷകർ

86 (1881) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാർഷിക മേഖലയിലെ പ്രതിസന്ധി കാരണം എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ ഫലമായി എന്തെല്ലാം മാറ്റങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചമൂലം കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ നെല്ല് സംഭരണം, കൊപ്രാ സംഭരണം, റബ്ബർ സംഭരണം, അടയ്ക്ക സംഭരണം, കൊപ്രഡ്രയർ എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. കൂടാതെ കൃഷി ആദായകരമാക്കുന്നതിന് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും രോഗങ്ങൾ നിയന്ത്രിക്കുന്നതിനുമുള്ള വിവിധ പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്.

(സി) കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾമൂലം കാർഷികോൽപ്പന്നങ്ങളുടെ വിലയിൽ ഒരു പരിധിവരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതുമൂലം കർഷകർക്ക് കൃഷിയിൽ നിന്നും കൂടുതൽ ആദായം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

ആലത്തൂർ താലൂക്കിലെ കൃഷിനാശം

87 (1882) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്കിലുടനീളം 2003 കാലഘട്ടത്തിലെ രണ്ടാംവിള ഉണങ്ങി നശിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുതുകയുടെ കൃഷി നാശം പ്രസ്തുത പ്രദേശങ്ങളിലുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കൃഷിക്കാർക്ക് എന്തെങ്കിലും ധന സഹായം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് സഹായം എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കൃഷിക്കാർക്ക് തുടർന്ന് കൃഷി ചെയ്യുന്നതിനുവേണ്ട വിത്ത്, വളം, കൃഷി ചെയ്യുന്നതിനാവശ്യമായ ധനസഹായം എന്നിവ നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ ഏകദേശം 24.7 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) വിള നശിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിന് ഒരു ഹെക്ടറിന് 80 കിലോ എന്ന തോതിൽ സൗജന്യമായി വിത്ത് നൽകുന്നതാണ്. അതിനുപുറമേ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും കൃഷി നശിച്ചവർക്ക് ധനസഹായവും വിതരണം ചെയ്യുന്നതാണ്. അതിനുള്ള നടപടി റവന്യൂ വകുപ്പിൽ പുരോഗമിച്ചു വരുന്നു.

(സി) വിത്ത് നൽകുവാൻ സീഡ് അതോറിറ്റി മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

റബ്ബർ വിലയിടിവിനെ തുടർന്ന് നൽകിയ നികുതിയിളവുകൾ

88 (1883) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ മേഖലയിൽ ഇപ്പോൾ ഉല്പാദകർക്കോ വിപണനം നടത്തുന്നവർക്കോ സംഭരണം നടത്തുന്നവർക്കോ എന്തെങ്കിലും നിലവിലുള്ള ആനുകൂല്യം നൽകിവരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly